പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6629 12.07.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകളിൽ ഗണ്യമായ കുറവ്

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകൾ ഗണ്യമായി കുറവ് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 5257 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി അനുവാദം നൽകിയിരുന്നു. 215 ഷെഡ്യൂളുകൾ കൂടുതലായി അനുവദിച്ച് ഇപ്പോൾ 5472 ഷെഡ്യൂൾ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രതിദിനം ശരാശരി 4800 ഷെഡ്യൂൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ചില ദിവസങ്ങളിൽ 4950 ഷെഡ്യൂൾ വരെ ഓപ്പറേറ്റ് ചെയ്യാറുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംഭവം ഉണ്ടാകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | തൊഴിലാളികളുടെ ദൗർലഭ്യം കോർപ്പറേഷനിൽ അനുഭവപ്പെടുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിലേയ്ക്കായി കോർപ്പറേഷനിൽ നിലവിലുള്ള ഒഴിവുകളും, പ്രതീക്ഷിത ഒഴിവുകളും മുൻകൂർ തയ്യാറാക്കി പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. ഇതിനുപുറമെ, തൊഴിലാളികളുടെ അഭാവം കോർപ്പറേഷൻ നടത്തിപ്പിന് ബാധിക്കാതിരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ